മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂൾ

digital magazine
2k25



# ഇ - താളുകൾ

## ജീവിതത്തന്റെ ഇതളുകൾ, സ്പന്ദനങ്ങൾ

MOOTHEDATH HIGHER SECONDARY SCHOOL
ESTD. 1894
TALIPARAMBA EDUCATION SOCIETY


LITTLE KITES
BATCH 2025-28

# ഉള്ളടക്കം

HS കവിത രചന
HS കഥാരചന
UP കവിത
HS ഉപന്യാസം



സാങ്കേതികവിദ്യ മനുഷ്യന്റെ ചിന്താശേഷിയും സൃഷ്ടിപരതയെയും ശക്തിപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ ഏറെ അഭിമാനകരമായ ഒരു സംരംഭമാണ്.



സ്വന്തം ചിന്തകൾ ലോകത്തേക്ക് അവതരിപ്പിക്കാൻ കുട്ടികൾക്ക് ലഭിക്കുന്ന ഈ അവസരം അവരുടെ ആത്മവിശ്വാസവും നേതൃത്വ ഗുണവും വർദ്ധിപ്പിക്കും എന്നതിൽ സംശയമില്ല.ഈ ഡിജിറ്റൽ മാഗസിന്റെ തയ്യാറെടുപ്പിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു. ഇനിയും കൂടുതൽ നവീനവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങളിലൂടെ മുന്നേറട്ടെ എന്ന് ആശംസിക്കുന്നു. സാങ്കേതികവിദ്യ സൃഷ്ടിയുടെ വഴിയാക്കി മാറ്റുന്ന നമ്മുടെ കുട്ടികൾക്ക് എൻ്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

**Rathnakaran PK**


Head master

MHSS

ഏറെ ചരിത്ര പ്രാധാന്യമുള്ള തളിപ്പറമ്പിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന മൂത്തേടത്ത് ഹയർസെക്കന്ററി വിദ്യാലയത്തിന്റെ Little kites നേതൃത്വം വഹിച്ചുകൊണ്ട് പുറത്തിറക്കുന്ന Digital magazine അതിന്റെ എല്ലാ മേന്മകളോടുകൂടി പുറത്തിറങ്ങുകയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകർ, പ്രീയപ്പെട്ട കുട്ടികൾ, എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു



**Dr.Devika.A**
Principle,
MHSS



# സ്വപ്നം



ഓർക്കുന്നതെല്ലാം സ്വപ്നമല്ലേ വലുതായി...
പറക്കുന്നതെല്ലാം സ്വപ്നമല്ലേ സ്വപ്നമല്ലേ
ധും ധും ധും ധും ധും ധും സ്വപ്നങ്ങളല്ലേ...
ഒരു പൂവ് കാണുന്നതെല്ലാം സ്വപ്നമല്ലേ...



ഓർക്കുന്നതെല്ലാം ഓർത്തിടേണം
ഓർക്കുന്നതെല്ലാം ഓർത്തിടേണം
മഴയുടെ ഭംഗി അറിഞ്ഞിടേണം
സ്വപ്നം കാണാൻ നല്ലതല്ലേ



സ്വപ്നത്തിൽ നിന്നുയർന്നിടേണം
വലുതായി വലുതായി ഉയർന്നിടേണം
ഓർക്കുന്നതെല്ലാം സ്വപ്നമല്ലേ...
ഓർക്കുന്നതെല്ലാം സ്വപ്നമല്ലേ...



-ദർഷ . പി
V - A

# ഉപ്പിലിട്ട ഓർമ്മകൾ



ഇറ്റിറ്റുവീഴുമീ നിലാമഴയത്ത്...
ഓർമകൾ മൗനമായി മിന്നിമറയവെ...
ആലിപ്പഴംപോൽ പെയ്തിറങ്ങുന്നൊരീ...
മഴയെ കാണാൻ എന്തു ചേല്...
പച്ചപൂപട്ട് വിരിച്ചതുപോലെ
നെൽവയലങ്ങനെ ചേലോടെ നില്ല
മഴതൻ മറ്റേതോ മുഖം കാണുമാറാകുമ്പോൾ...
എങ്ങോ മറഞ്ഞൊരീ ഓർമ്മകൾ തിരികെ...
ഓർമ്മകളിലാരൊരാൾ മിന്നിമായവെ...
പുളിയൻ മാങ്ങതൻ മാധുര്യം നുണയുമ്പോൾ
ഓർത്തുപോകുന്നൊരാ പഴയകാലം...
ബാല്യകാലത്തിന്റെ നേരിയ ചിത്രം
എൻ മനോദാരുവിൽ പൂവിടുന്നു...
അപ്പൂപ്പൻ താടിപോൽ മൃദുവായൊരീ
ഓർമ്മകൾക്കെന്തൊരു നറുതേൻ മണം...
എത്രയും പ്രിയനായൊരെൻ സോദരൻ...
മണ്മറഞ്ഞതോർക്കുമ്പോൾ പൊഴിയുന്നൊരീ
കൺമിഴികളിൽ നിന്നൊരാ മഴത്തുള്ളികൾ
ഞാനൊന്നു കേഴുമ്പോൾ അറിയാതെ
വന്നന്നെ തലോടുന്നൊരാ സോദരൻ
എന്നേക്കുമായി പോയിമറഞ്ഞു...
അവനൊന്നു തിരികെ വന്നിരുന്നാൽ
ആനന്ദമാകും വിളക്കിൻ തിരികൾ...
സൂര്യനെന്നോണം പ്രകാശം തരും...
അവനെ ചൊല്ലി കേഴുന്നൊരാ
അമ്മതൻ സങ്കടം കാണ്മതില്ല...
എന്തിനു നീ തൻ ലോകത്തിലേക്കു
അവനെ നീ എന്നേക്കുമായി പറിച്ചെടുത്തു
ഓർക്കുമ്പോൾ പുളിരസം തട്ടുന്നൊരാ ബാല്യ-
കാല സ്മരണകൾ ഓർക്കുന്നില്ല ഞാൻ...
അവനൊന്നു തിരികെ വന്നിരുന്നെങ്കിൽ...
ആനന്ദം പൂവിടും പുലരിതൻ പിറവി-
ഞാൻ കണ്ടേനെ...
ഇറ്റിറ്റുവീഴുമീ നിലാമഴയത്ത്...
ഓർമകൾ മൗനമായി മിന്നിമറയവെ...
ഇഴപോലെ ചേർന്നൊരു എൻപ്രിയ
സോദരൻ തിരികെ വരുവാൻ
പ്രാർഥിക്കുന്നു ഞാൻ ദിനവും...



വൈഷ്ണവി രമേഷ്
X-C

# തിരിച്ചു വരവ്

ട്രെയിൻ സ്റ്റേഷനിൽ എത്തിയതിന്റെ അറിയിപ്പ് കേട്ടാണ് അയാൾ ഉണർന്നത്. കണ്ണ് തുറന്നതും മറ്റ് യാത്രക്കാരുടെ ആവലാതികളും ബഹളങ്ങളും എല്ലാം കേട്ടു തുടങ്ങിയിരുന്നു. പെട്ടികൾ ഇറക്കിവച്ചതിനു ശേഷം അയാൾ തിരക്കുകൂട്ടാതെ തന്നെ മെല്ലെ ട്രെയിനിൽ നിന്ന് ഇറങ്ങി. അടുത്തുള്ള ചായക്കടയിൽ നിന്നും ഒരു കാലിച്ചായയും വാങ്ങി ഒരു ബെഞ്ചിൽ ഇരുന്നു. ട്രെയിനിൽനിന്നും വയറു നിറയെ ബിരിയാണി കഴിച്ചതുകൊണ്ടാകണം വൈകുന്നേരമായിട്ടും അയാൾക്ക് തീരെ വിശപ്പ് തോന്നിയില്ല, അതുകൊണ്ടു തന്നെ വേറെ പലഹാരമൊന്നുംതന്നെ വാങ്ങിക്കാൻ അയാൾ കൂട്ടാക്കിയില്ല. റെയിൽവേ സ്റ്റേഷനു പുറത്തെത്തിയപ്പോൾ അവിടെ ഒരു ടാക്സി മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. അയാൾ വേഗംതന്നെ അതിൽക്കയറി. "തിരൂരിലേക്ക് വിട്ടോളൂ " അയാൾ പറഞ്ഞു. ടാക്സി ഡ്രൈവർ വണ്ടി മുൻപോട്ടെടുത്തു.



അയാൾ യാത്രക്കിടയിൽ തന്റെ കയ്യിലുള്ള ഒരു ചെറിയ പുസ്തകം എടുത്തു. എന്നിട്ട് " ഇനി ഇവിടേക്കൊരു തിരിച്ചുവരവ് പ്രതീക്ഷിച്ചതല്ല. അമ്മയെ ഓർത്തുപോയി ", എന്നെഴുതി. അതിനു ശേഷം പുറത്തേക്കു നോക്കിക്കൊണ്ട് അയാൾ എന്തൊക്കെയോ മനസ്സിൽ ഓർത്തെടുക്കാൻ ശ്രമിച്ചു.

"കണ്ണാ..., നീ എവിടെയാ?

ഒളിച്ചുകളിക്കാതെ ഇങ്ങു പോര്, നിനക്ക് സ്കൂളിൽ പോകണ്ടേ?"

"ഞാൻ പോകുന്നില്ലമ്മേ..." ഉമ്മറത്തെ തൂണിന്റെ പിറകിൽ നിന്നും ഇറങ്ങിക്കൊണ്ട് അവൻ പറഞ്ഞു.

"പോയിട്ട് വരുമ്പോൾ അമ്മ നിനക്ക് ഇഷ്ടപ്പെട്ട ശർക്കരപ്പായസമൊക്കെ ഉണ്ടാക്കിവയ്ക്കാം" അമ്മ പറഞ്ഞു.

"ശരി ഞാൻ പോകാം, പക്ഷെ ഉച്ചയൂണിന് എനിക്ക് പൊതിച്ചോറ് തരണം, സമ്മതിച്ചോ?" അവൻ വാശി പിടിച്ചു.

"തീർച്ചയായും തരാം, ആദ്യം നീ പോയി കുളിക്ക്. ഇപ്പോൾ തന്നെ വൈകിയിരിക്കുന്നു"

തന്റെ ഉദ്ദേശം നടന്ന സന്തോഷത്തിൽ അവൻ കുളിമുറിയിലേക്ക് ഓടി.

കുളിച്ച് കുപ്പായം മാറി വന്നപ്പോൾ അമ്മ പൊതിച്ചോറ് പൊതിയുകയായിരുന്നു. അതിന്റെ ഗന്ധം അവൻ തന്റെ നാസികയിലേക്കാവാഹിച്ചു.

" സാറെ തിരൂരെത്തി " ഡ്രൈവറുടെ വിളികേട്ടാണ് അയാൾ തന്റെ ഓർമ്മകളിൽ നിന്ന് ഉണർന്നത്. ഡ്രൈവർ പറഞ്ഞ തുക കൊടുത്തതിനു ശേഷം ടാക്സി അവിടെ നിന്നും പോയി.

ദാസേട്ടന്റെ ചായക്കട, താൻ അമ്മയോടൊത്ത് ചന്തയിലേക്ക് പോകുമ്പോൾ മുടങ്ങാതെ കയറിയിരുന്ന സ്ഥലം, അയാൾ ഓർത്തു. അതിന്റെ വലതു വശത്തായി കാണപ്പെട്ട വലിയ ആൽമരത്തിന്റെ അപ്പുറത്തുകണ്ട വഴിയിലൂടെ അയാൾ നടന്നു. അതിന്റെ ഇരുഭാഗത്തും വയലുകളായിരുന്നു. എത്ര തവണ ഈ വയലുകടന്ന് താൻ സ്കൂളിലേക്ക് പോയിരിക്കുന്നു, അയാൾ ദീർഘമായ ഒരു നിശ്വാസംകൊണ്ട് വീണ്ടും മുന്നോട്ട് നടന്നുതുടങ്ങി.



കുറച്ചുനടന്നപ്പോഴേക്കും അയാൾ കാവിന്റെ പരിസരത്തെത്തി, ഒരിക്കൽ താൻ അമ്മയുടെ കൈപിടിച്ച് കാവിൽ തൊഴാൻ എത്തിയതും, അമ്മ പറഞ്ഞുതന്നതുപോലെ കൈകൂപ്പി നിന്ന് പ്രാർത്ഥിച്ചതും, അയാൾ ഓർത്തു. അമ്മ പറഞ്ഞത് തനിക്ക് ദീർഘായുസ്സ് നൽകാൻ ദൈവത്തോടു പ്രാർത്ഥിക്കാനായിരുന്നെങ്കിലും, അമ്മയ്ക്കുവേണ്ടിയാണ് താൻ പ്രാർത്ഥിച്ചത്. അമ്മ തന്നോടൊപ്പം എന്നും ഉണ്ടാകണമെന്നാണ് ആഗ്രഹിച്ചത്, എന്നാൽ അതേ ദൈവം തന്നെ കൈവെടിഞ്ഞത് അമ്മയുടെ അകാലമരണത്തോടെയാണ്. അന്ന് ആരെയൊക്കെയോ ശപിച്ചു, അന്ന് തീർന്നതാണ് ദൈവവിശ്വാസം, അച്ഛൻ തനിക്ക് അഞ്ചുവയസ്സായപ്പോഴേ ഹൃദയാഘാതം വന്ന് മരിച്ചപ്പോഴും തനിക്ക് ഇല്ലാതിരുന്ന വിഷമമാണ് അമ്മ പോയതോടെ ഉണ്ടായത്, ഒരിക്കലുംവിട്ടുപോകരുതെന്ന് ആഗ്രഹിച്ച അമ്മ തന്നെ തന്നെ വിട്ടുപോയി, താൻ അനാഥനായിമാറി, അമ്മായിയുടെയും മക്കളുടെയും പീഡനങ്ങൾ സഹിക്കവയ്യാതാണ് പതിനാലാംവയസ്സിൽ നാടുവിട്ടത്, എന്നിട്ടും കിട്ടുന്ന പണികളെല്ലാം ചെയ്ത്, പലരുടെയും; നന്മ കരിഞ്ഞുപോയിട്ടില്ലായിരുന്ന മനസ്സുള്ള പലരുടെയും സഹായംകൊണ്ട് ഉപരിപഠനവും കഴിച്ചു ജോലി വാങ്ങി. അമ്മയെക്കുറിച്ചോർത്ത് ജോലിക്കിടയിലും പലപ്പോഴും കണ്ണുകൾ നനച്ചു. അവസാനം എങ്ങനെയെന്നറിയില്ല, വർഷങ്ങൾക്കുശേഷമുള്ള ഒരു ഫോൺകോളിൽ അമ്മായി എന്നെ സമീപിച്ചു, ഇത്രയും കാലം എവിടെയാണെന്നോ ഒന്നും ചോദിക്കാതെ അമ്മയുടെ ആണ്ടിന് നീ ഇവിടെ ഉണ്ടാവണം എന്നു മാത്രം പറഞ്ഞ് ഫോൺ കട്ടുചെയ്തു. തിരിച്ച് ഞാനങ്ങോട്ടില്ലെന്ന് പറയുന്നതിനു മുൻപേയായിരുന്നു, ലൈൻ കട്ടായതിന്റെ ശബ്ദം കേട്ടത്. പിന്നീട് തന്റെ കൈവശമുണ്ടായിരുന്ന പഴയ പെട്ടിതുറന്ന് അമ്മയുടെ ഫോട്ടോ നോക്കിയിരുന്നു.

പെട്ടെന്ന് കണ്ണടച്ചപ്പോൾ അമ്മ വിളിക്കുന്നതുപോലെ തോന്നി. ഇങ്ങോട്ടു വരാതിരിക്കാൻ പറ്റിയില്ല. അയാൾ ഓർമ്മകൾ അടുക്കിവയ്ക്കാൻ ശ്രമിച്ചു. ഓർമ്മകളിൽനിന്നും പുറത്തെത്തിയപ്പോഴാണ് താൻ സ്വന്തം തറവാടിന്റെ മടപ്പുരയ്ക്കൽ എത്തിയെന്നത് അയാൾ ഓർമ്മ വന്നത്.

വാതിലിനുമുമ്പിൽതന്നെ അമ്മായി നിൽപ്പുണ്ടായിരുന്നു. എന്നതോ പ്രതീക്ഷിച്ചെന്നപോലെ, അയാളുടെ ഊഹം ശരിയായിരുന്നു; തന്റെ പെട്ടിയിൽ എന്താണെന്നറിയാൻ ഉള്ള ആഗ്രഹംതന്നെയായിരുന്നു അവരുടെ അയാളോടുള്ള സമീപനം, ആ സമീപനത്തിലെ മാറ്റത്തിൽനിന്നും അയാൾക്കത് വ്യക്തമായിരുന്നു.

ചടങ്ങുകളെല്ലാം കഴിഞ്ഞ് അയാൾ തന്റെ അമ്മയുടെ മുറിയിൽ കയറി, കതക് അടച്ചു. തന്റെയും അമ്മയുടെയും പഴയ ഒരു ചിത്രത്തിനു മുമ്പിൽ അയാൾ നിന്നു. തന്റെ കണ്ണിൽനിന്നും അസ്രുക്കൾ ഒഴുകുന്നത് അയാൾ അറിഞ്ഞു. തന്റെ ആ ചെറിയ പുസ്തകത്തിൽ അയാൾ ഇങ്ങനെ കുറിച്ചു; " എന്റെ അമ്മയുടെ മുറിയിലാണ് ഞാനിപ്പോൾ; എന്തോ അമ്മയുടെ പഴയ കണ്ണനായി മാറാൻ എന്റെ മനസ്സുകൊതിക്കുന്നു... ഇപ്പോൾ എന്റെ അമ്മയും കൂടെയുള്ളതുപോലെ, അമ്മ എന്റെ മുടിതഴുകുന്നതുപോലെ തോന്നുന്നു... അമ്മ എന്നെ കാറ്റായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്ന് തോന്നുന്നു". പിന്നീട് അമ്മയുടെ ചിത്രത്തിലേക്കു നോക്കി. തന്റെ അമ്മയുടെ ഗന്ധമുള്ള ആ മുറിയിൽ അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു, എന്തിനെന്നറിയാതെ; ഇനി എന്തിനെന്നറിയാതെ...



തനൂജ രാജേഷ്
9 G